അനുമതി കൂടാതെ മരം മുറിച്ചത് സംബന്ധിച്ച്

231(838) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസനവുമായി ബന്ധപ്പെട്ട് മരങ്ങൾ മുറിച്ചു മാറ്റേണ്ടിവരുമ്പോൾ അതിന് അനുമതി നൽകുവാൻ ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ആ സമിതിയുടെ ഘടന വ്യക്തമാക്കുമോ ?

(ബി) ഈ സമിതിയുടെ അനുമതി വാങ്ങിയശേഷമേ മരം മുറിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(സി) ഈ നിർദ്ദേശം അവഗണിച്ച്, അനുമതിയില്ലാതെ മരം മുറിച്ചുമാറ്റിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) സമിതിയുടെ അനുമതി വാങ്ങാതെ തലസ്ഥാന പട്ടണത്തിലെ ശാസ്തമംഗലത്ത് റോഡുവക്കിലെ മരം രാത്രിയിൽ മുറിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; അത് തടയാൻ ശ്രമിച്ച ഫോറസ്റ്റ് ഉദ്യോഗസ്ഥനെ ഒരു സംഘം അക്രമികൾ വളഞ്ഞുവച്ച് ആക്രമിക്കാൻ ശ്രമിച്ച സംഭവമുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ദൃക്സാക്ഷിയായ വകുപ്പുമന്ത്രി തന്റെ കീഴിലെ ഉദ്യോഗസ്ഥനെ രക്ഷിക്കാനും സംരക്ഷണം നൽകാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉത്തരവ് നമ്പർ (ആർ‌റ്റി.) 68/2010/വനം-വന്യജീവി വകുപ്പ്, തീയതി 10-2-2010, സർക്കാർ ഉത്തരവ് നമ്പർ (ആർ‌റ്റി.) 172/2010/വനം - വന്യജീവി വകുപ്പ് എന്നിവ പ്രകാരം സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല തുടങ്ങിയ പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ വികസന പദ്ധതി കൾക്കായും മറ്റും മുറിച്ച് നീക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ച് നീക്കാൻ കോർപ്പറേഷൻ പരിധിയിൽ ബഹു.മേയറും, മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ബഹു.മുനിസിപ്പൽ ചെയർമാനും, പഞ്ചായത്തു പരിധിയിൽ ബഹു. ജില്ലാ. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനുമായുള്ള കമ്മിറ്റിയാണ്. അനുമതി നൽകേണ്ടത്. സ്ഥലം സ്ഥിതി ചെയ്യുന്ന ഡിവിഷനിലെ മെമ്പർ, ബന്ധപ്പെട്ട കൗൺസിലർ, പഞ്ചായത്ത് പ്രസിഡന്റ്, എൻ.ജി.ഒ. പ്രതിനിധികൾ, ടൗൺ പ്ലാനർ തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളാണ്. അതതു ജില്ലാ സാമൂഹ്യവനവത്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറുമാണ്. മരം മുറിക്കു ന്നതിന് മുമ്പ് കമ്മിറ്റി സ്ഥല പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുമതിയില്ലാതെ മരം മുറിച്ചു മാറ്റിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം :

തിരുവനന്തപുരം ഡിവിഷനിൽ തിരുവനന്തപുരം മെന്റൽ ഹെൽത്ത് സെന്ററിലെ അന്തേവാസികൾക്കും സമീപത്തുള്ള എസ്.എ.പി. ക്യാമ്പിലെ ആയുധപ്പുരയിലേക്ക് അപകടകരമായും മറ്റും നിന്ന മരങ്ങൾ കൂടുതൽ അത്യാഹിതങ്ങൾ ഒഴിവാക്കുന്നതിനായി കമ്മിറ്റി പരിശോധന നടത്തുന്നതിനു മുമ്പായി മെന്റൽ ഹെൽത്ത് സെന്റർ സൂപ്രണ്ടിന്റെ അനുമതിയോടുകൂടി മുറിച്ചു മാറ്റി. ആയത് കമ്മിറ്റി അംഗങ്ങൾ തുടർന്ന് സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടുകയുണ്ടായി.

എറണാകുളം :

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലും കളമശ്ശേരി കുസാറ്റിന്റെ കോമ്പൗണ്ടിലും, പെരുവമ്മുഴി പാലത്തിന്റെ സമീപത്തും സ്ഥിതി ചെയ്യുന്ന മരങ്ങൾ വനം വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ മുറിച്ച് മാറ്റിയതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് മരത്തിന്റെ ഉടമസ്ഥാവകാശമുള്ള അധികാരപ്പെട്ട ഓഫീസുകളിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തൃശ്ശൂർ :

തൃശ്ശൂർ റെയിൽവേ കാർട്ടേഴ്സിനു പരിസരത്തും (റെയിൽവേയുടെ അധികാര പരിധിയിലുള്ള സ്ഥലം) സംഗീത നാടക അക്കാഡമി ഓഫീസ് വളപ്പിലും അനധികൃത മരം മുറി നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടി എടുക്കാൻ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കോഴിക്കോട് :

വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിലും, രാമനാട്ടുകരയിൽ എൻ.എച്ചിനും ഇടതുവശത്തായി എം.വി. ട്രേഡേഴ്സ് എന്ന സ്ഥാപനത്തിനും മുൻവശത്തുള്ള മരങ്ങളും കോട്ടയ്ക്കൽ റെയിൽവേ ഗേറ്റിലുള്ള മരവും അനുമതിയില്ലാതെ മുറിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.

മലപ്പുറം :

വെട്ടം പഞ്ചായത്തിലെ പറവണ്ണ ജി.എം.എൽ.പി. സ്കൂൾ വളപ്പിൽ നിന്നിരുന്ന നൂറു വർഷത്തോളം പഴക്കമുള്ള മാവിന്റെ വൻ ശിഖരങ്ങൾ പി.ടി.എ.-യുടെയോ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെയോ അനുമതി കൂടാതെ മുറിച്ചു മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശാസ്തമംഗലത്ത് റോഡ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഓട നിർമ്മാണത്തിന് തടസ്സമായി പാതയോരത്ത് നിന്നിരുന്ന ഒരു ആൽമരം, അംഗീകരിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡ് ഫണ്ട് ബോർഡ് ഉദ്യോഗസ്ഥരുടെ അനുമതിയോടെ മുറിച്ച് മാറ്റുന്നതിന് മുന്നോടിയായി പ്രസ്തുത മരത്തിന്റെ ശിഖരങ്ങൾ കോതുകയുണ്ടായി. എന്നാൽ മരം മുറിച്ച് മാറ്റുന്നതിനെതിരെയായി ശ്രീമതി സുഗതകുമാരി ടീച്ചറിന്റെ നേതൃത്വത്തിലുള്ള പരിസ്ഥിതി പ്രവർത്തകരും, സ്ഥലത്തെ പരിസ്ഥിതി പ്രവർത്തകരും, സ്ഥലത്തെ കൗൺസിൽ പ്രതിനിധികളും, മറ്റ് റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ ഉൾപ്പെടെയുള്ള സ്ഥലവാസികളും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാവുകയും 9-1-2011 രാത്രിയിൽ നേരിയ തോതിൽ സംഘർഷാവസ്ഥ ഉടലെടുക്കുകയും ചെയ്തു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ വനം വകുപ്പുമന്ത്രി ഇടപെട്ട് അനുരഞ്ജനത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ അടുത്ത ദിവസം രാവിലെ 7 മണിക്ക് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റോഡ് ഫണ്ട് ബോർഡ് ഓഫീസിൽ വച്ച് യോഗം കൂടി തീരുമാനിച്ച പ്രകാരം നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ചുള്ള കമ്മിറ്റി പരിശോധന തീരുമാനപ്രകാരം പ്രസ്തുത മരം മുറിച്ച് മാറ്റുന്നതിന് അനുമതി നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആൽ മരം മുറിച്ചു മാറ്റിയിട്ടുണ്ട്. പ്രസ്തുത മരം മുറിയുമായി ബന്ധപ്പെട്ട് അത് തടയാൻ ശ്രമിച്ച ഫോറസ്റ്റ് ഉദ്യോഗസ്ഥനോട് കയർത്തു സംസാരിച്ചവരെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി സംഘർഷാവസ്ഥ പരിഹരിക്കുകയുണ്ടായി.

കണ്ണൻ ദേവൻ കമ്പനിയിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ

232(939) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1971-ലെ മൂന്നാർ നിയമമനുസരിച്ച് കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഏറ്റെടുത്ത ഭൂമിയുടെ സർവ്വെ നടപടികൾ പൂർത്തീകരിച്ചിരുന്നോ ;

(ബി) 1974-ലെ ലാൻഡ് ബോർഡ് തീർപ്പുപ്രകാരം അതിൽ എത്ര ഏക്കർ ഭൂമിയാണ് വനമായി വിജ്ഞാപനം ചെയ്യേണ്ടത് ;

(സി) ഈ വിഷയം പഠിക്കാൻ ഏതെങ്കിലും കമ്മിറ്റികളെ ചുമതലപ്പെടുത്തിയിരുന്നോ ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും നിർദ്ദേശമെന്തെങ്കിലും സംസ്ഥാനസർക്കാരിനു ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) വനഭൂമിയായി വിജ്ഞാപനം ചെയ്തത് എത്ര ഏക്കറാണ് ; ഏറ്റെടുത്തതിൽ ബാക്കി എത്ര ഏക്കർ ഒഴിവാക്കിയിട്ടുണ്ട് ; ഒഴിവാക്കിയതിൽ എത്ര ഭൂമി ഇപ്പോൾ സർക്കാരിന്റെ കൈവശമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly